പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്തചോദ്യം നംമ്പർ: 181 10.12.2012 ലെ മറുപടിക്ക്

## വിമാന കമ്പനികളുടെ ടിക്കറ്റ് നിരക്ക് വർദ്ധനവ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ.പി. ജയരാജൻ:<br>,, കെ.വി. അബ്ദുൾ ഖാദർ:<br>,, കെ. സുരേഷ് കുറുപ്പ്:<br>ഡോ കെ. ടി. ജലീൽ: | | ശ്രീ. കെ.ബാബു.<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | ഗൾഫ് മലയാളികളെ വിമാനക്കമ്പനികൾ ടിക്കറ്റ് ഇനത്തിൽ കൊള്ളയടിക്കുന്ന സ്ഥിതിവിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എയർ ഇന്ത്യ സർവ്വീസുകൾ വെട്ടിച്ചുരുക്കി സ്വകാര്യ വിമാനകമ്പനികൾക്ക് അധിക നിരക്ക് ഈടാക്കാൻ അവസരമൊരുക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) | ഉണ്ട്. 08.05.2012 നു തുടങ്ങിയ പൈലറ്റുമാരുടെ സമരത്തെത്തുടർന്നു എയർ ഇന്ത്യയ്ക്കും എയർ ഇന്ത്യ എക്സ്പ്രസ്സിനും ഗൾഫ് രാജ്യങ്ങളിലേക്കും തിരിച്ചുമുള്ള ഫ്ളൈറ്റുകളുടെ 225 എണ്ണം വെട്ടികുറക്കേണ്ടിവന്നിട്ടുണ്ട്. |
| (സി) | മലയാളികളെ സ്വകാര്യ വിമാന കമ്പനികൾ ടിക്കറ്റ് നിരക്കിലൂടെ കൊള്ളയടിക്കുന്ന സ്ഥിതിവിശേഷം ഇല്ലാതാക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (സി) | ഈ വിഷയം 01.03.2012ന് പാസ്സഞ്ചർ അസ്സോസിയേഷനുകളും ട്രാവൽ ഓപ്പറേറ്റർമാരുമായി ചർച്ച ചെയ്യുകയും ബന്ധപ്പെട്ട യോഗ തീരുമാനപ്രകാരം Competition Commission of India യോട് എയർ ഇന്ത്യയുൾ പ്പെടെയുള്ള എയർലൈനുകൾ വരുമാനം വർദ്ധിപ്പിക്കുന്ന തിനായി മത്സരം ഇല്ലാതാക്കാൻ എന്തെങ്കിലും പ്രവർത്തനങ്ങളിലേർപ്പെടുന്നോയെന്ന് പരിശോധിക്കണമെന്നും, അങ്ങനെയാണെങ്കിൽ ഉചിതമായ നടപടികളെടുക്കണമെന്നും, നിരക്ക് കുറയ്ക്കുന്നതിന് ഡയറക്ടർ ജനറൽ ഓഫ് സിവിൽ ഏവിയേഷൻ (DGCA)/ കേന്ദ്ര |

| | | | |
|---|---|---|---|
| | | | വ്യോമയാന മന്ത്രാലയം (MOCA) എന്നിവർക്ക് നിർദ്ദേശം നല്കണമെന്നും 15.06.2012 ലെ അർദ്ധഔദ്യോഗിക കത്ത് നം. 4415/ഡി2/2011/ട്രാൻസ് പ്രകാരം ആവശ്യപ്പെട്ടു. തുടർന്ന് ഇക്കാര്യം വിവിധ എയർലൈനുകളുമായി 18.09.2012 ന് ചർച്ച ചെയ്തു ഇന്ധനവിലയും അനുബന്ധ ചാർജ്ജുകളും നികുതികളും വർദ്ധിപ്പിക്കുന്നതിനനുസരിച്ചാണോ എയർലൈനുകൾ നിരക്ക് വർദ്ധിപ്പിക്കുന്നത് എന്ന് കണ്ടെത്തുന്നതിനായി വാർഷിക കണക്കുകൾ എയർലൈനുകൾ ലഭ്യമാക്കുമെന്നും സംസ്ഥന സർക്കാർ ഈ കണക്കുകൾ DGCA യോട് ആവശ്യപ്പെടുമെന്നും, തിരക്ക് സമയത്ത് കുറഞ്ഞനിരക്കിൽ അധിക ഫ്ളൈറ്റുകൾക്കും ഫ്ളൈറ്റുകളുടെ ആവർത്തനം വർദ്ധിപ്പിക്കുന്നതിനുമുള്ള സാദ്ധ്യത എയർ ലൈനുകൾ പരിശോധിക്കണമെന്നും ഇക്കാര്യം സംസ്ഥാന സർക്കാർ കേന്ദ്രവ്യോമയാന മന്ത്രാലയത്തിനോടാവശ്യപ്പെടുമെന്നും തീരുമാനിച്ചു. അതനുസരിച്ച് DGCA യ്ക്ക് 27.10.2012ന് 4415/ഡി2/2011/ട്രാൻ നമ്പർ കത്തും കേന്ദ്രവ്യോമയാന വകുപ്പിന് 02.11.2012ന് 4415/ഡി2/2011/ട്രാൻ നമ്പർ കത്തും നല്കി. കൂടാതെ എയർലൈനുകൾ അന്യായമായ നിരക്കുകൾ യാത്രാക്കാരിൽ നിന്നും ഈടാക്കുന്നില്ല എന്ന് ഉറപ്പാക്കണമെന്നും എല്ലാ എയർലൈനുകളും പ്രധാന അന്താരാഷ്ട്ര പ്രാപ്യസ്ഥാനങ്ങളിൽ നിന്നും ആവശ്യത്തിന് സർവ്വീസുകൾ കേരളത്തിലേക്കും തിരിച്ചും നടത്തുന്നുണ്ടെന്നും ഉറപ്പ് വരുത്തണമെന്ന് 20.06.2012 ലെ 8394/ഡി2/2012/ട്രാൻ നമ്പർ അർദ്ധഔദ്യോഗിക കത്ത് മുഖേനയും ബഹു. മുഖ്യമന്ത്രി കേന്ദ്രവ്യോമയാന മന്ത്രിയോടാവശ്യപ്പെട്ടിട്ടുണ്ട്. |
| (ഡി) | ഗൾഫ്-കേരള സെക്ടറിൽ വിമാനക്കമ്പനി രൂപീകരിച്ച് സർവ്വീസ് നടത്തുമെന്ന പ്രഖ്യാപനം നടപ്പാക്കിയിട്ടുണ്ടോ; ഇക്കാര്യത്തിൽ കേന്ദ്രാനുമതി ലഭ്യമായിട്ടുണ്ടോ; വിശദമാക്കാമോ ? | (ഡി) | 16.12.2005 ലെ 40/2005/ട്രാൻ നമ്പർ ഉത്തരവ് പ്രകാരം സർക്കാരിന്റെ പങ്കാളിത്തത്തോടെ എയർ കേരള എന്നൊരു ബഡ്ജറ്റ് എയർലൈൻ ആരംഭിക്കുന്നതിനുള്ള നിർദ്ദേശം സർക്കാർ അംഗീകരിച്ചു. ഇതിനായി രാജ്യത്തിനകത്തും പുറത്തും സർവ്വീസ് നടത്തുന്നതിനായി സംസ്ഥാന സർക്കാരിനും സിയാലിനും (കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ്) കൂടി 26% ഓഹരിയും 200 കോടി രൂപ അംഗീകൃത മൂലധനവുമുള്ള ഒരു പബ്ലിക്ക് ലിമിറ്റഡ് കമ്പനി രൂപീകരിക്കാനും രാജ്യാന്തര സർവ്വീസുകൾ |

| | | | |
|---|---|---|---|
| | | | നടത്തുന്നതിനുള്ള വ്യവസ്ഥകളിൽ ഇളവ് വരുത്തുന്നതിന് കേന്ദ്ര സർക്കാരിനെ സമീപിക്കുവാനും ടി ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ട്. അതിൻപ്രകാരം Air Kerala International Services Ltd. എന്ന കമ്പനി രൂപീകരിച്ചിട്ടുണ്ട്. 08.09.2012 നു ചേർന്ന സിയാലിന്റെ ഡയറക്ടർ ബോർഡ് യോഗത്തിൽ എയർകേരള പദ്ധതിക്കായി ഒരു പുതുക്കിയ സാദ്ധ്യതാപഠനം നടത്തുവാൻ തീരുമാനിക്കുകയും 2005 ൽ സാദ്ധ്യതാപഠനറിപ്പോർട്ട് തയ്യാറാക്കിയ ഏജൻസിയെ ഈ ദൗത്യം ഏല്പിക്കുകയും ചെയ്തു. കേന്ദ്ര സർക്കാരിന്റെ നിബന്ധനകൾ പ്രകാരം അന്താരാഷ്ട്ര സർവ്വീസുകൾ നടത്തുന്നതിന് കുറഞ്ഞത് 5 കൊല്ലത്തെ ആഭ്യന്തര പരിചയവും 20 വിമാനങ്ങളും ആവശ്യമാണ്. ഈ വ്യവസ്ഥയിൽ ഇളവിനായി നിരന്തരം കേന്ദ്ര സർക്കാരിനോടാവശ്യപ്പെട്ടുവരുന്നു. ബഹു. മുഖ്യമന്ത്രിയുടെ 08/10/2012 ലെ 11409/ഡി2/2005/ട്രാൻ. നമ്പർ അർദ്ധഔദ്യോഗിക കത്ത് മുഖേന ഇക്കാര്യം കേന്ദ്ര വ്യോമയാന മന്ത്രിയോടാവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ